**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 93** **16-09-2025 - ൽ മറുപടിയ്ക്ക്**

**ജയിലുകളിൽ നടന്ന മോഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജയിലുകളിൽനിന്ന് 2021 മുതൽ നാളിതുവരെയും മോഷണം പോയിട്ടുള്ള വസ്തുക്കളുടെയും അതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെയും വിവരം ലഭ്യമാക്കാമോ; | (എ) | 1. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം കോമ്പൗണ്ടിനുള്ളിൽ സ്ഥിതിചെയ്യുന്ന പവർ ലോൺഡ്രി യൂണിറ്റ് കെട്ടിടത്തിനോട് ചേർന്നുള്ള മുറിയിൽ 2020 കാലയളവിൽ സോളാർ പവർ പ്രോജക്റ്റിന്റെ ഭാഗമായ കേടായ ബാറ്ററികൾ മാറ്റി സൂക്ഷിച്ചിരുന്നതിൽ 300 ഓളം ബാറ്ററികളിലെ വിലപിടിപ്പുള്ള ഭാഗങ്ങൾ നഷ്ടപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷനിൽ CR നം. 323/2025 U/s 303 (e) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>2. 19.08.2022 തീയതിയിൽ, തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം കോമ്പൗണ്ടിനുള്ളിൽ സ്ഥിതി ചെയ്യുന്ന ശ്രീ മഹാഗണപതി ക്ഷേത്രത്തിലെ കാണിക്ക വഞ്ചികളുടെ പൂട്ട് തകർത്ത് പണം അപഹരിക്കപ്പെട്ടു. ഈ വിഷയത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷനിൽ CR. 924/2022, U/s 379, 451 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>3. തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം കോമ്പൗണ്ടിനുള്ളിൽ വ്യാവസായിക യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന കഫറ്റീരിയ യൂണിറ്റിലെ പ്രധാന കെട്ടിടത്തിന്റെ പിൻവാതിൽ തകർത്ത് പണം അപഹരിക്കപ്പെട്ടു. ഈ വിഷയത്തിൽ പൂജപ്പുര പോലീസ് സ്റ്റേഷനിൽ CR നം. 1156/2025 U/s 331(4), 305, 334(1) of BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>4. കണ്ണൂർ സെൻട്രൽ ജയിൽ ഭക്ഷ്യ നിർമ്മാണ യൂണിറ്റായ ഫ്രീഡം ഫുഡ് യൂണിറ്റിന്റെ ഓഫീസിൽ 21/04/2021 രാത്രി സൂക്ഷിച്ചിരുന്ന വിറ്റുവരവ് തുക |

| | | | |
|---|---|---|---|
| | | | 1,94,575/-(ഒരു ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അഞ്ഞൂറ്റി എഴുപത്തി അഞ്ചു രൂപ) മോഷണം പോയതിന് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 370/2021 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് 2021 മുതൽ നാളിതുവരെ മോഷണം നടത്തിയതായി പ്രതിചേർക്കപ്പെട്ടവരുടെ വിവരവും അതിൽ ശിക്ഷിക്കപ്പെട്ടവരുടെ വിവരവും പ്രത്യേകം അറിയിക്കാമോ; | (ബി) | വ്യാവസായിക യൂണിറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന കഫറ്റീരിയ യൂണിറ്റിലെ മോഷണവുമായി ബന്ധപെട്ട് പൂജപ്പുര പോലീസ് സ്റ്റേഷനിൽ CR നം. 1156/2025 എന്ന കേസിൽ മുഹമ്മദ് അബ്ദുൽ ഹാദി എന്നയാളെ 26.08.2025 തീയതിയിൽ പൂജപ്പുര പോലീസ് അറസ്റ്റ് ചെയ്തിട്ടുള്ളതും അന്വേഷണം നടന്നു വരുന്നതുമാണ്. |
| (സി) | സംസ്ഥാനത്തെ ജയിലുകളിൽ നിന്ന് 2021 മുതൽ നാളിതുവരെ മോഷണം പോയിട്ടുള്ള വസ്തുക്കളിൽ തിരികെ ലഭിച്ചിട്ടുള്ളവയുടെയും വസ്തുക്കൾ തിരികെ ലഭിക്കാത്തതും പ്രതികളെ പിടിക്കാൻ സാധിക്കാത്തതുമായ കേസുകളുടെയും വിവരം ലഭ്യമാക്കാമോ; | (സി) | പൂജപ്പുര പോലീസ് സ്റ്റേഷനിൽ നിലവിലുള്ള CR നം.1156/2025 കേസിൽ പ്രതിയെ പിടികൂടിയിട്ടുണ്ട്. മോഷണ മുതൽ തിരികെ ലഭിച്ചിട്ടില്ല.<br><br>പൂജപ്പുര പോലീസ് സ്റ്റേഷനിൽ നിലവിലുള്ള CR നം. 323/2025, CR നം. 924/2022 എന്നീ കേസുകളിലും കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 370/2021 കേസിലും കുറ്റവാളിയെ പിടികൂടാനും മോഷണ മുതൽ കണ്ടെത്തുവാനും സാധിച്ചിട്ടില്ല. |
| (ഡി) | പൂജപ്പുര സെൻട്രൽ ജയിൽനിന്ന് സോളാർ ബാറ്ററികൾ മോഷ്ടിക്കപ്പെട്ട കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രതിചേർത്തവരുടെ വിവരം ലഭ്യമാക്കാമോ; നഷ്ടപ്പെട്ട സോളാർ ബാറ്ററികളുടെ മൂല്യവും അത് നഷ്ടപ്പെടാനുണ്ടായ സാഹചര്യവും വ്യക്തമാക്കാമോ? | (ഡി) | പൂജപ്പുര സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോം കോമ്പൗണ്ടിനുള്ളിലെ പവർ ലോൺട്രി യൂണിറ്റ് കെട്ടിടത്തിലെ മുറിയിൽ സൂക്ഷിച്ചിരുന്ന സോളാർ പവർ പ്രോജക്ടിന്റെ ഭാഗമായ 300-ഓളം കേടായ ബാറ്ററികളിലെ 5,53,131/-രൂപയോളം വിലവരുന്ന ഭാഗങ്ങൾ മോഷ്ടിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് പൂജപ്പുര പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 323/2025 U/S 305(e) BNS ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം നടന്നുവരുന്നു. പ്രതികളെ കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ